തലശ്ശേരി നഗരസഭ

ആർ1–3076/02 18/01/2012

# തലശ്ശേരി നഗരസഭ വസ്തു നികുതി പരിഷ്കരണം

## അന്തിമവിജ്ഞാപനം

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട 14.01.2011ലെ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് സ.ഉ (അ) നമ്പർ 17/2011/ തസ്വഭവ, സ.ഉ.(അ) നമ്പർ 18/2011/തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം 01.04.2011 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വസ്തു നികുതി പരിഷ്കരിക്കുന്നതിന് തലശ്ശേരി നഗരസഭാ കൗൺസിൽ 21.11.11ലെ 1, 2 നമ്പർ തീരുമാന പ്രകാരം നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളെയും, വികസനത്തിന്റെയും, സർക്കാർ അംഗീകരിച്ച മറ്റു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രൈമറി സോൺ, സെക്കന്ററി സോൺ, ടെറിട്ടറി സോൺ എന്നീ 3 മേഖലകളിലായി തരം തിരിച്ചും നികുതി നിരക്ക് നിശ്ചയിച്ചും, സേവന ഉപനികുതി നിരക്കുകൾ നിശ്ചയിച്ചും, ആക്ഷേപവും, അഭിപ്രായവും ക്ഷണിച്ചു കൊണ്ടും 26–11–2011ന് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. അപ്രകാരം പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനത്തിന് ശേഷം നിശ്ചിത സമയപരിധിക്കകം ലഭ്യമായ ആക്ഷേപങ്ങൾ പരിഗണിച്ച് നഗരസഭാ കൗൺസിൽ 06–01–2012ലെ 3 ാം നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. അപ്രകാരം തലശ്ശേരി നഗരസഭയിലെ കെട്ടിടങ്ങൾക്ക് താഴെ പറയും പ്രകാരം നിരക്കുകളും, മേഖല വിഭജനവും, റോഡുകളെ തരം തിരിച്ചും അന്തിമമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നു. ഈ നിരക്കുകൾ 01–04–2011 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിൽ വരുന്നതാണ്.

### നികുതി നിരക്കുകൾ

| കെട്ടിടങ്ങളുടെ വിവരണം | ഒരു ചതുരശ്ര മീറ്ററിന് നിശ്ചയിച്ച നിരക്ക് |
|---|---|
| 1. ഗാർഹിക ആവശ്യത്തിനുള്ള കെട്ടിടങ്ങൾ | 8 രൂപ |
| 2. വാണിജ്യ ആവശ്യത്തിനുള്ളവ | |
| എ. 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ |

| | |
|---|---|
| ബി.100 ചതുരശ്ര മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 80 രൂപ |
| സി. 200 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സുപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 60 രൂപ |
| ഡി. 200 ചതുരശ്ര മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള സുപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 130 രൂപ |
| ഇ. ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 60 രൂപ |
| 3. ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളോടു അനുബന്ധിച്ചുള്ള ഓഫിസ്സ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 70 രൂപ |
| 4. വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 15 രൂപ |
| 5. ആശുപത്രികൾ | 14 രൂപ |
| 6. അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം സിനിമാ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | 40 രൂപ |
| 7. <u>വ്യവസായ ആവശ്യത്തിനുള്ളവ</u> | |
| എ. കൈത്തറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, തടിമിൽ മുതലായവ | 15 രൂപ |
| ബി. ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 60 രൂപ |
| 8. റിസ്സോർട്ടുകൾ | 90 രൂപ |
| 9. അമ്യൂസ്മെന്റ് പാർക്ക് | 40 രൂപ |
| 10. മൊബൈൽ ടെലഫോൺ ടവർ | 500 രൂപ |

<u>സേവന ഉപനികുതി നിരക്കുകൾ</u>

| | | |
|---|---|---|
| 1. ശുചിത്വ പരിപാലനം | – | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 9% |
| 2. ജല വിതരണം | – | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 6.5% |
| 3. തെരുവ് വിളക്കുകൾ | – | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 5% |
| 4. ഡ്രെയിനേജ് | – | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

തറ വിസ്തീർണ്ണം, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, ഉപയോഗ രീതി, നിർമ്മാണത്തിന്റെ തരം, മറ്റു നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവ അനുസരിച്ചാണ് വസ്തു നികുതി ചുമത്തുന്നത്.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളെയും, പ്രൈമറി സോൺ, സെക്കണ്ടറി സോൺ, ടെറിട്ടറി സോൺ എന്നിങ്ങനെ തരം തിരിച്ചത് സംബന്ധിച്ചും, റോഡുകളെ തരംതിരിച്ചത് സംബന്ധിച്ചും നഗരസഭാ കൗൺസിൽ അന്തിമമായി അംഗീകരിച്ച വിശദമായ വിവരങ്ങൾ നഗരസഭാ നോട്ടീസ് ബോർഡിലും, നഗരസഭയുടെ വെബ്സൈറ്റിലും, മറ്റു പ്രധാന കേന്ദ്രങ്ങളിലും പരസ്യം ചെയ്തിട്ടുള്ളതാണ്.

സെക്രട്ടറി
തലശ്ശേരി നഗരസഭ

# തലശ്ശേരി നഗരസഭ

ആർ1–3076/02 18/01/2012

**നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളെയും, വികസനത്തിന്റെയും, സർക്കാർ അംഗീകരിച്ച മറ്റു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ നഗരസഭാ കൗൺസിലിന്റെ 06–01–2012 ലെ 3ാം നമ്പർ തീരുമാന പ്രകാരം 3 മേഖലകളായി താഴെ പറയും പ്രകാരം തരം തിരിച്ചിരിക്കുന്നു.**

## 1. പ്രൈമറി സോൺ

**നോർത്ത് സൈഡ്**. കൊടുവള്ളി പഴയ പാലം മുതൽ ക്ഷേത്രത്തിന് മുൻവശത്തുകൂടി ആമുക്ക പള്ളിക്ക് സമീപം എൻ.എച്ചിൽ സന്ധിക്കുന്നിടം വരെയും തുടർന്ന് എൻ.എച്ചിൽ ആമുക്ക പള്ളി ബസ് സ്റ്റോപ്പ് മുതൽ റെയിൽവെ ട്രാക്ക് വരെയും.

**ഈസ്റ്റ് സൈഡ്**. ആമുക്ക പള്ളി ബസ് സ്റ്റോപ്പിന് സമീപം റെയിൽവെ ട്രാക്ക് കുയ്യാലി റെയിൽവെ ഗേറ്റ് വരെയും തുടർന്ന് കുയ്യാലി പാലം കടന്ന് വടക്കോട്ട് എം.സി. എൻക്ളേവിന് മുൻവശത്തു കൂടി കമ്പനി റോഡിന്റെ ശാഖ വഴി പാരപ്പറ്റ റോഡിൽ കാളിയത്താൻ പീടിക റേഷൻ ഷോപ്പു വരെയും തുടർന്ന് പാരപ്പറ്റ റോഡ് വഴി പ്രതീക്ഷ ബസ് സ്റ്റോപ്പ് വരെയും അവിടെ നിന്നും കുയ്യാലി പാലം കടന്ന് കുയ്യാലി ഗേറ്റ് റെയിൽവെ ട്രാക്ക് വഴി ജഗന്നാഥ ടെമ്പിൾ ഗേറ്റ് വരെയും.

**സൗത്ത് സൈഡ്**. ടെമ്പിൾഗേറ്റ് മുതൽ ജെ.ടി റോഡ് വാടിക്കൽ ജങ്ഷൻ വരെയും തുടർന്ന് പുലിക്കോട് റോഡ് വഴി ചക്യത്ത്മുക്ക് എൻ.എച്ചിൽ സന്ധിക്കുന്നിടം വരെയും.

**വെസ്റ്റ് സൈഡ്**. പുലിക്കോട് റോഡ് എൻ.എച്ചിൽ സന്ധിക്കുന്നിടം മുതൽ എൻ.എച്ച് വഴി വടക്കോട്ട് പിയർ റോഡ് സന്ധിക്കുന്നിടം വരെയും തുടർന്ന് പിയർ റോഡ് വഴി ചാലിൽ റോഡ് വഴി വടക്കോട്ട് ജാഫർ അലി റോഡ് വരെയും തുടർന്ന് ജാഫർ അലി റോഡ് മത്സ്യ മാർക്കറ്റിന് പടിഞ്ഞാറ് വശം വരെയും തുടർന്ന് മത്സ്യമാർക്കറ്റ് ഗവ: ഹോസ്പിറ്റൽ സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ, പള്ളി, ജയിൽ, ട്രഷറി എന്നിവയ്ക്ക് പിറക് വശത്തു കൂടി പാലിശ്ശേരി റോഡ് എ.എസ്.പി ഓഫീസിന് സമീപം എൻ.എച്ചിൽ സന്ധിക്കുന്നിടം വരെയും തുടർന്ന് എൻ.എച്ച്. വഴി സീ വ്യൂ പാർക്കിന് വടക്കു വശം വരെയും തുടർന്ന് പടിഞ്ഞാറ് കടൽ ഭിത്തി വഴി മണക്കാ ദ്വീപ് കടന്ന് കൊടുവള്ളി പഴയ പാലം വരെയും.

## 2. സെക്കണ്ടറി സോൺ.

**<u>നോർത്ത് സൈഡ്:</u>** കൊടുവള്ളി റെയിൽവെ പാലം മുതൽ കുയ്യാലി പുഴയോരം വഴി മത്തിക്കാവ് കടന്ന് കുയ്യാലി ബ്രിഡ്ജ് വരെയും തുടർന്ന് എരഞ്ഞോളി പുഴയോരം വഴി എരഞ്ഞോളി പാലം വരെയും.

**<u>ഈസ്റ്റ് സൈഡ്</u>.-** എരഞ്ഞോളി പാലം മുതൽ ടി.സി. റോഡ്, ശ്രീ നാരായണ ഗുരു റോഡ് വഴി കണ്ടിക്കൽ തോട് വരെയും തുടർന്ന് കണ്ണിച്ചിറ തോട് വഴി മഞ്ഞോടി കുട്ടിമാക്കൂൽ റോഡിൽ സന്ധിക്കുന്നിടം വരെയും തുടർന്ന് മനേക്കര റോഡ് വഴി പുതിയ റോഡിൽ സന്ധിക്കുന്നിടം വരെയും അവിടെ നിന്ന് പുതിയ റോഡ് വഴി നാദാപുരം റോഡിൽ സന്ധിക്കുന്നിടം വരെയും.

**<u>സൗത്ത് സൈഡ്:-</u>** നാദാപുരം റോഡിൽ നിന്നും ജഗന്നാഥ ടെമ്പിൾ ഗേറ്റ് വരെ.

**<u>വെസ്റ്റ് സൈഡ്</u>**:- ടെമ്പിൾഗേറ്റ് മുതൽ റെയിൽവെ ട്രാക്ക് വഴി കൊടുവള്ളി റെയിൽവെ പാലം വരെയും.

## 3 ടെറിട്ടറി സോൺ (എ)

**<u>നോർത്ത് സൈഡ് :-</u>** കൊടുവള്ളി പഴയ പാലം മുതൽ വടക്കോട്ട് കടലോരം വഴി ധർമ്മടം പാലം വരെയും തുടർന്ന് നഗരസഭയുടെ വടക്കെ അതിർത്തി അഞ്ചരക്കണ്ടി റോഡുമായി സന്ധിക്കുന്നിടം വരെയും.

**<u>ഈസ്റ്റ് സൈഡ്</u>**.- വടക്കുമ്പാട് നഗരസഭാ അതിർത്തി, അഞ്ചരക്കണ്ടി റേഡുമായി സന്ധിക്കുന്നിടം മുതൽ നഗരസഭയുടെ കിഴക്കേ അതിർത്തി വഴി എരഞ്ഞോളി പുഴ വരെയും.

**<u>സൗത്ത് സൈഡ്</u>**:- കിഴക്കെ മുനിസിപ്പൽ അതിർത്തി മുതൽ കുയ്യാലി ബ്രിഡ്ജ് വരെയുള്ള എരഞ്ഞോളി പുഴയോരം തുടർന്ന് കുയ്യാലി പാലം കടന്ന് പ്രതീക്ഷ ബസ് സ്റ്റോപ്പ് വരെയും തുടർന്ന് പാരപ്പറ്റ റോഡ് വഴി കാളിയത്താൻ പീടിക വരെയും അവിടെ നിന്ന് കമ്പനി റേഡിന്റെ ശാഖ വഴി എം.സി. എൻക്ളേവിന് സമീപം കുയ്യാലി പുഴയോരം വരെയും തുടർന്ന് പുഴയോരം വഴി കൊടുവള്ളി റെയിൽവെ ബ്രിഡ്ജ് വരെയും.

**<u>വെസ്റ്റ് സൈഡ്</u>**:- കൊടുവള്ളി റെയിൽവെ ബ്രിഡ്ജ് മുതൽ റെയിൽവെ ട്രാക്ക് വഴി ആമുക്ക പളളിക്ക് മുൻവശത്തെ ബസ് സ്റ്റോപ്പിന് സമീപം വരെയും തുടർന്ന് എൻ. എച്ച് കടന്ന് ആമുക്ക പളളിക്ക് മുൻവശത്ത് കൂടി കൊടുവള്ളി പഴയ പാലം വരെയും.

## ടെറിട്ടറി സോൺ (ബി)

**നോർത്ത് സൈഡ്**:- എരഞ്ഞോളി പാലം മുതൽ കോപ്പാലം വരെ വരുന്ന എരഞ്ഞോളി പുഴയോരം.

**ഈസ്റ്റ് സൈഡ്**.- കോപ്പാലം മുതൽ നാദാപുരം റോഡ് വരെ വരുന്ന നഗരസഭയുടെ കിഴക്കെ അതിർത്തി.

**സൗത്ത് സൈഡ്**:- നാദാപുരം റോഡ് നഗരസഭയുടെ അതിർത്തിയുമായി സന്ധിക്കുന്നിടം മുതൽ പെട്ടിപ്പാലം വരെയുള്ള നഗരസഭയുടെ തെക്കേ അതിർത്തി.

**വെസ്റ്റ് സൈഡ്**:- പെട്ടിപ്പാലം മുതൽ മത്സ്യ മാർക്കറ്റ് വരെയുള്ള കടൽതീരം, ജാഫർ അലി റോഡ്, ചാലിൽ റോഡ്, പിയർ റോഡ് വഴി എൻ.എച്ച് സന്ധിക്കുന്നിടം വരെയും തുടർന്ന് എൻ.എച്ച് വഴി ചക്യത്ത് മുക്ക് വരെയും അവിടെ നിന്ന് പുലിക്കോട് റോഡ് വഴി വാടിക്കൽ ജംഗ്ഷൻ വരെയും തുടർന്ന് ജെ. ടി റോഡ്, നാദാപുരം റോഡ് വഴി പുതിയ റോഡ് സന്ധിക്കുന്നിടം വരെയും തുടർന്ന് പുതിയ റോഡ് മനേക്കര മഞ്ഞോടി റോഡ് വഴി കണ്ണിച്ചിറ തോട് വരെയും അവിടെ നിന്ന് കണ്ണിച്ചിറ തോട് വഴി കണ്ടിക്കൽ പാലം വരെയും തുടർന്ന് ശ്രീ നാരായണ ഗുരു റോഡ് വഴി ടി.സി. റോഡ് വരെയും അവിടെ നിന്ന് ടി.സി. റോഡ് വഴി എരഞ്ഞോളി പാലം വരെയും.

നഗരസഭാ കൗൺസിലിന്റെ 06–01–2012 ലെ 3 ാം നമ്പർ തീരുമാന പ്രകാരം താഴെ പേരെഴുതിയ റോഡുകൾ ഒന്നാംതരം റോഡുകളായി നിശ്ചയിച്ചു. (നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ജില്ലാ റോഡുകൾ എന്നിവയ്ക്ക് പുറമെ)

1. എം.ജി. റോഡ്
2. എ.വി.കെ നായർ റോഡ് – സെയ്താർ പള്ളി – ടെമ്പിൾ ഗേറ്റ് – കണ്ണിച്ചിറ റോഡ്
3. മണവാട്ടി ജംഗ്ഷൻ – മഞ്ഞോടി – കണ്ണിച്ചിറ റോഡ് വരെയുള്ള റോഡ്
4. ലോഗൻസ് റോഡ്
5. കണ്ണിച്ചിറ റോഡ്
6. ഹോളോവേ – റോഡ്
7. ടി.സി. റോഡ്
8. ടൗൺഹാൾ റോഡ്
9. ചിറക്കര – കീഴന്തിമുക്ക് റോഡ്

5 മീറ്ററും, അതിൽ കൂടുതലും വീതിയിലുള്ള മറ്റ് റോഡുകൾ രണ്ടാം തര റോഡുകളായി നിശ്ചയിച്ചു.

സെക്രട്ടറി
തലശ്ശേരി നഗരസഭ

ആർ1–3076/02 18/01/2012

സെക്രട്ടറി
തലശ്ശേരി നഗരസഭ

പത്രാധിപർ,
ദേശാഭിമാനി ദിനപത്രം/മലയാള മനോരമ ദിനപത്രം.

സർ,

വിഷയം: തലശ്ശേരി നഗരസഭ – റവന്യു വിഭാഗം – പത്രപരസ്യം – സംബന്ധിച്ച്.

************

തലശ്ശേരി നഗരസഭയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം ഇതോടൊപ്പം അയക്കുന്നു. ആയത് താങ്കളുടെ പത്രത്തിൽ തൊട്ടടുത്ത ദിവസം തന്നെ പ്രസിദ്ധീകരിക്കണമെന്ന് താത്പര്യപ്പെടുന്നു. ആയതിന്റെ ബില്ല് അയച്ചു തരുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം: അന്തിമ വിജ്ഞാപനം

സെക്രട്ടറി
തലശ്ശേരി നഗരസഭ

ആർ1–3076/02 18.01.2012

സെക്രട്ടറി
തലശ്ശേരി നഗരസഭ

പത്രാധിപർ,
ദേശാഭിമാനി ദിനപത്രം.

സർ,

വിഷയം: തലശ്ശേരി നഗരസഭ – റവന്യു വിഭാഗം – പത്രപരസ്യം – സംബന്ധിച്ച്.

************

തലശ്ശേരി നഗരസഭയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം ഇതോടൊപ്പം അയക്കുന്നു. ആയത് താങ്കളുടെ പത്രത്തിൽ തൊട്ടടുത്ത ദിവസം തന്നെ പ്രസിദ്ധീകരിക്കണമെന്ന് താത്പര്യപ്പെടുന്നു. ആയതിന്റെ ബില്ല് അയച്ചു തരുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം: അന്തിമ വിജ്ഞാപനം

സെക്രട്ടറി
തലശ്ശേരി നഗരസഭ

ആർ1–3076/02 18.01.2012

സെക്രട്ടറി
തലശ്ശേരി നഗരസഭ

പത്രാധിപർ,
മലയാള മനോരമ ദിനപത്രം.

സർ,

വിഷയം: തലശ്ശേരി നഗരസഭ – റവന്യു വിഭാഗം – പത്രപരസ്യം – സംബന്ധിച്ച്.

************

തലശ്ശേരി നഗരസഭയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം ഇതോടൊപ്പം അയക്കുന്നു. ആയത് താങ്കളുടെ പത്രത്തിൽ തൊട്ടടുത്ത ദിവസം തന്നെ പ്രസിദ്ധീകരിക്കണമെന്ന് താത്പര്യപ്പെടുന്നു. ആയതിന്റെ ബില്ല് അയച്ചു തരുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം: അന്തിമ വിജ്ഞാപനം

സെക്രട്ടറി
തലശ്ശേരി നഗരസഭ